**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1221** **07-02-2023 - ൽ മറുപടിയ്ക്ക്**

**ജല വിതരണ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയുടെ പൈപ്പ് സ്ഥാപിക്കുന്നതിനായി ഷൊർണ്ണൂർ മണ്ഡലത്തിൽ നിന്ന് എന്തെല്ലാം പദ്ധതികളിൽ റോഡ് കട്ടിംഗിന് അനുമതി ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിലുള്ള റോഡുകളുടെ വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br><br>കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിനു കീഴിലുള്ള റോഡുകളായ ഷൊർണൂർ മണ്ഡലത്തിൽ വാണിയംകുളം പത്തംകുളം കോതകുറിശ്ശി റോഡിലും ഒറ്റപ്പാലം പെരിന്തൽമണ്ണ റോഡിലും ജലജീവൻ പദ്ധതിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുവാൻ കേരള വാട്ടർ അതോറിറ്റി അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | നിലവിൽ ഏതെല്ലാം റോഡുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഇനിയും അനുമതി നൽകാത്തവയ്ക്ക് എപ്പോൾ അനുമതി നൽകാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിലുള്ള പ്രവൃത്തികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.<br><br>കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ കീഴിൽ നിലവിൽ വാണിയംകുളം പത്തംകുളം കോതകുറിശ്ശി റോഡിന് അനുമതി നൽകിയിട്ടുണ്ട്. ഒറ്റപ്പാലം പെരിന്തൽമണ്ണ റോഡിൽ രണ്ട് ഭാഗങ്ങളിലായാണ് (ഒറ്റപ്പാലം ടൗൺ മുതൽ കീഴൂർ വരെയും, കീഴൂർ മുതൽ ചെറുപ്ലശ്ശേരി വരെയും) കിഫ്ബി വർക്ക് ഉള്ളത്. അതിൽ ആദ്യത്തെ റീച്ചിൽ കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് പാലക്കാട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. രണ്ടാമത്തെ റീച്ചിൽ കിഫ്ബി പ്രോജക്റ്റിൽ പ്രവൃത്തി പൂർത്തീകരിച്ച ഭാഗം പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ **DBM** പൊളിക്കേണ്ടിവരുന്നതുമൂലം കിഫ്ബിയുടെ അനുമതിയോട് കൂടി മാത്രമേ പൈപ്പ്ലൈൻ സ്ഥാപിക്കുവാൻ സാധിക്കൂ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

എ) അനുമതി ആവശ്യപ്പെട്ടിട്ടുള്ള റോഡുകൾ ചുവടെ ചേർക്കുന്നു.

1. വാണിയംകുളം വല്ലപ്പുഴറോഡ് (കി.മീ 0/000 - 3/400 വരെ.)
   (കി.മീ 3/400 - 8/500വരെ)
2. കൃഷ്ണപ്പടി കൈലിയാട് റോഡ് (കൈലിയാട് മുതൽ മോളൂർ വരെ)
3. കുളപ്പുള്ളി എലിയപ്പറ്ററോഡ് (കൈലിയാട് മുതൽ ചളവറ വരെ
4. പട്ടാമ്പി ചെർപ്പുളശ്ശേരി റോഡ് (കി.മീ 13/540 - 14/090 വരെ)
5. നെല്ലായ മാവുണ്ടിരിക്കടവ് റോഡ് (കി.മീ 1/260 മുതൽ 3/260 വരെ
6. കൊപ്പം പേങ്ങാട്ടിരി റോഡ് (കി.മീ 8/900 - 8/982 വരെ)
7. മനിശ്ശേരി ചൊറോട്ടൂർ റോഡ് 0/000 - 3/000
8. പാലക്കാട് - പൊന്നാനി റോഡ് 35/500 - 42/700
9. ചളവറ ചേറമ്പറ്റക്കാവ് റോഡ് 0/000 - 5/000 .
10. വാണിയംകുളം മാന്നനൂർ റോഡ് 0/000 4/500 .
11. അമ്പലപ്പാറ -മേലൂർ- കീഴൂർ റോഡ് കി.മീ. 1/500 - 4/500 .

## അനുബന്ധം - II

ബി.

<u>റോഡ് കട്ടിങ്ങിന് അനുമതി നൽകിയിട്ടുള്ളവയുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു</u>

1. മനിശ്ശേരി ചൊറോട്ടൂർ റോഡ് 0/000 - 3/000
2. പാലക്കാട് - പൊന്നാനി റോഡ് 35/500 - 42/700
3. വാണിയംകുളം മാന്നനൂർ റോഡ് 0/000 - 4/500

<u>റോഡ് കട്ടിങ്ങിന് അനുമതി നൽകാനുള്ളവയുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു</u>

1. വാണിയംകുളം വല്ലപ്പുഴറോഡ് (കി.മി 0/000 - 3/400 വരെ,) (കി.മി 3/400 - 8/500വരെ) പ്രസ്തുത റോഡ് സി.ആർ.എഫ് പദ്ധതിയിലുൾപ്പെടുത്തി ദേശീയപാത അധികൃതർ പ്രവൃത്തി പൂർത്തീകരിച്ചതാണ്. ഈ റോഡ് ഡി.എൽ.പി യിൽ ആയതിനാൽ ദേശീയപാത വിഭാഗത്തിൽ നിന്നും എൻ.ഒ.സി ലഭിക്കുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റിക്ക് [illegible] സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതാണ്.

2. കൃഷ്ണപ്പടി കൈലിയാട് റോഡ് (കൈലിയാട് മുതൽ മോളൂർ വരെ) റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട് എന്നാൽ എസ്റ്റിമേറ്റിൽ തിരുത്തൽ ആവശ്യമായതിനാൽ കേരള വാട്ടർ അതോറിറ്റിക്ക് തിരിച്ചയച്ചിട്ടുണ്ട്.
3. കുളപ്പുള്ളി എലിയപ്പറ്ററോഡ് (കൈലിയാട് മുതൽ ചളവറ വരെ) റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട് . ഈ റോഡ് ഡി.എൽ.പി യിൽ ആയതിനാൽ അനുമതി നൽകിയിട്ടില്ല.
4. പട്ടാമ്പി ചെർപ്പുളശ്ശേരി റോഡ് (കി.മീ 13/540 - 14/090 വരെ) റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട് . ഉടൻ അനുമതി നൽകുന്നതാണ്.
5. നെല്ലായ മാവുണ്ടിരിക്കടവ് റോഡ് (കി.മീ 1/260 മുതൽ 3/260 വരെ) റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട് . റോഡ് ഡി.എൽ.പി യിൽ ആയതിനാൽ അനുമതി നൽകിയിട്ടില്ല.
6. കൊപ്പം പേങ്ങാട്ടിരി റോഡ് (കി.മീ 8/900 - 8/982 വരെ) റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട് . ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. അടുത്ത് തന്നെ അനുമതി നൽകുന്നതാണ്.
7. ചളവറ ചേറമ്പറ്റക്കാവ് റോഡ് (0/000 - 5/000) റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട് . റോഡ് ഡി.എൽ.പി യിൽ ആയതിനാൽ അനുമതി നൽകിയിട്ടില്ല.
8. അമ്പലപ്പാറ -മേലൂർ- കീഴൂർ റോഡ് (കി.മീ. 1/500 - 4/500) . ഈ റോഡ് ഡി.എൽ.പി യിൽ ആയതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്.